# പതിമൂന്നാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3325 — 24.02.2016 ന് മറുപടിയ്ക്ക്.

## തബഡൂർ ഫോറസ്റ്റ് റോഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ തബഡൂർ ഫോറസ്റ്റ് റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ | (എ) കാസർഗോഡ് ജില്ലയിലെ എളേരി റിസർവ്വ് വനത്തിലൂടെ കടന്നുപോകുന്ന വെസ്റ്റ് എളേരി-ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡാണ് ബേഡൂർ-കമ്പല്ലൂർ റോഡ് . 3.2 കിലോമീറ്റർ നീളമുള്ള ഈ റോഡിന്റെ 1.560 കിലോമീറ്റർ കടന്നുപോകുന്നത് വനത്തിലൂടെയാണ്. വർഷങ്ങൾക്ക മുമ്പ് ടാർ ചെയ്ത ഈ റോഡിന് വളരെയധികം അറ്റകുറ്റപ്പണികൾ ആവശ്യമായതിനാൽ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് റോഡിന്റെ വീതി കൂട്ടാതെ അറ്റകുറ്റപ്പണി നടത്താവുന്നതാണെന്ന് 16.01.2015 ന് നോർതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ നിന്നും പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിട്ടുള്ളതുമാണ്. ടി പ്രവർത്തിക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാകുന്നു. എന്നാൽ നാളിതുവരെയായിട്ടും ടി പ്രവർത്തി പൊതുമരാമത്ത് വകുപ്പ് ആരംഭിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.